വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ

9 (*489) ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. ദാസൻ :
ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വാട്ടർ അതോറിറ്റി ജീവനക്കാരുടെ ഉത്തരവാദിത്വവും ചുമതലയും പൂർണ്ണമായി നിറവേറ്റപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) നഗരപ്രദേശങ്ങളിലെ ഡ്രെയിനേജ് സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ഡി) കൊച്ചിയിലെ ഡ്രെയിനേജ് സംവിധാനം ഫലപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) ഈ പ്രദേശങ്ങളിലെ പൈപ്പുകളുടേയും മറ്റും അറ്റകുറ്റപ്പണികൾ യഥാസമയം നടത്താതിരിക്കുന്ന ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) കൊച്ചിയിലേയും സമീപപ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും അഴുക്കുവെള്ളം ഒഴുക്കിവിടുന്നതിലും ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നഗരപ്രദേശങ്ങളിൽ ഡ്രെയിനേജ് സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുവാൻ വേണ്ടി ഡ്രെയിനേജ് സംവിധാനം ഭാഗികമായി നിലവിലുള്ള തിരുവനന്തപുരം നഗരത്തിൽ ഒരു പ്രത്യേക ഡിവിഷനും അതിന്റെ കീഴിൽ സബ്ഡിവിഷനുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കൊച്ചിയിലും കോഴിക്കോട്ടും വാട്ടർ അതോറിറ്റിയുടെ പി.എച്ച് ഡിവിഷനുകൾ ഈ ചുമതല നിർവ്വഹിക്കുന്നുണ്ട്. തിരുവനന്തപുരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നഗരത്തിലെ ഡ്രെയിനേജ് ലൈനുകൾ ജോലിക്കാർ മുഖേനയാണ് വൃത്തിയാക്കി വരുന്നത്. ഇതിന് ഒരുപാട് കാലതാമസം നേരിടുന്നുണ്ട്. ഈ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി സ്വീവർ ലൈനുകൾ യാന്ത്രികമായി വൃത്തിയാക്കുന്നതിന് വേണ്ടിയുള്ള യന്ത്രസംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതുമൂലം സ്വീവർ ലൈനുകളിൽ ഉണ്ടാകുന്ന അടവുകൾ ഉടനുടൻ തന്നെ പരിഹരിക്കുന്നതിന് സാധിക്കുന്നുണ്ട്.

(ഡി) കൊച്ചിയിലെ ഡ്രെയിനേജ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഒരു സമഗ്രപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ചുവടെ ചേർക്കുന്ന 847.50 കോടി രൂപയുടെ മൂന്ന് പദ്ധതികൾ ഡച്ച് സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

1. വെസ്റ്റ് മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, പള്ളുരുത്തി സോണിനു വേണ്ടിയുള്ള പദ്ധതി - 360 കോടി രൂപ.
2. എറണാകുളം സൗത്ത് സോണിനുവേണ്ടിയുള്ള പദ്ധതി - 160 കോടി രൂപ.
3. എറണാകുളം നോർത്ത് സോണിനുവേണ്ടിയുള്ള പദ്ധതി - 327.50 കോടി രൂപ.

(ഇ) ഇത്തരത്തിലുള്ള നടപടികൾ ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും ഉണ്ടായാൽ നിലവിലുള്ള നിയമപ്രകാരം കൃത്യവിലോപനത്തിന് കർശനമായി നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഹഡ്കോ ധനസഹായത്തോടെ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. കൊച്ചിക്കുവേണ്ടി ഒരു സമഗ്രമായ ഒരു ഡ്രെയിനേജ് പദ്ധതി തയ്യാറാക്കി ധനസഹായത്തിന് സമർപ്പിച്ചിട്ടുണ്ട്.

അൺ അലോക്കേറ്റഡ് വിഹിതത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വൈദ്യുതി

10 (*490) ശ്രീ. പി. നാരായണൻ :
പ്രൊഫ. മീനാക്ഷിതമ്പാൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. യു.എസ്. ശശി :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ അലോക്കേറ്റഡ് വിഹിതത്തിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുവാൻ സംസ്ഥാനത്തിനർഹതയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ വൈദ്യുതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഈ വൈദ്യുതി സംസ്ഥാനത്തിന് ലഭിച്ചു തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ മുതൽ ലഭിച്ചു തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly